257/ESE/18

## തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

### ഹാജർ - ശ്രീ. പി. ആർ. സജികുമാർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - പത്തനംതിട്ട ജില്ല - കോന്നി ഗ്രാമപഞ്ചായത്ത് - 16.07.2018 - ൽ നടന്ന ടെണ്ടർ നടപടികളിലെ ക്രമക്കേട് - അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.കെ. ഹരിലാൽ - നെ സേവനത്തിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശം നം. 2743809/18/എം.എൽ.എസ്.ജി.ഡി

2) ശ്രീ. എം. ബിജു, ശ്രീ. സാന്റ് പി.എസ് എന്നിവരുടെ പരാതി

3) ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 31.07.2018 - ലെ റിപ്പോർട്ട് നം. ഇ2/വിജി/873/18

**ഉത്തരവ് നം. ഇ-12/9463/2018/സിഇ/തസ്വഭവ, തീയതി. 03.09.2018**

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിൽ 16.07.2018 - ൽ നടന്ന ടെണ്ടർ നടപടികളിൽ വ്യാപക ക്രമക്കേടുകൾ നടന്നതായി പരാമർശം (2) പ്രകാരം ലഭ്യമായ പരാതിയിന്മേൽ ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പ്രോജക്ട് നം. 48/18-19, 95/18-19, 200/18-19, 88/18-19, 45/18-19, 67/18-19, 136/18-19, 198/18-19 എന്നീ പദ്ധതികൾക്കായി ടെണ്ടർ ഫോം വാങ്ങാതെ കരാറുകാരിൽ നിന്നും ടെണ്ടർ സ്വീകരിക്കുകയും lowest ആയി പരിഗണിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) - ലെ നിർദ്ദേശ പ്രകാരം പ്രാഥമിക അന്വേഷണത്തിൽ തന്നെ ടെണ്ടർ നടപടിക്രമങ്ങളിൽ ക്രമക്കേടുകൾ നടന്നതായി പ്രഥമദൃഷ്ട്യാ കണ്ടെത്തിയ സാഹചര്യത്തിൽ കോന്നി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. കെ. ഹരിലാൽ - നെ 1960 - ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 (1) (എ) പ്രകാരം സേവനത്തിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സസ്പെൻഷൻ കാലയളവിൽ കേരള സിവിൽ സർവ്വീസ് ചട്ടങ്ങളിലെ 1-ാം ഭാഗം 55-ാം ചട്ടം പ്രകാരം ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ശ്രീ. കെ. ഹരിലാൽ
അസിസ്റ്റന്റ് എഞ്ചിനീയർ
കോന്നി ഗ്രാമപഞ്ചായത്ത്

ചീഫ് എഞ്ചിനീയർ

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തൃശ്ശൂർ
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് കാര്യാലയം, പത്തനംതിട്ട
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോന്നി ബ്ലോക്ക് പഞ്ചായത്ത്
4. ഇ3 സെക്ഷൻ
5. കരുതൽ ഫയൽ

എസ്.എ/*